കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 02.07.2025 മുതൽ 06.07.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 26/2025, (52) ചൊവ്വാഴ്ച | തീയ്യതി 01/07/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 02.07.2025 | 03.07.2025 | 04.07.2025 | 05.07.2025 | 06.07.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 2 | 1 | 2 | 3 | 0.2 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 320 | 320 | 340 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 6 | 6 | 8 | 5 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. 2025 ജൂലൈ 01 മുതൽ 03 വരെ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | പറിച്ചുനടീൽ | വിരിപ്പ് കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. ഞാറ് പറിച്ചുനടുമ്പോൾ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തയ്യാറാക്കിയ ലായനിയിൽ വേര് അരമണിക്കൂർ മുക്കിവെയ്ക്കുക. ഇതുവഴി നെല്ലിനെ ബാധിക്കുന്ന പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. |
| വാഴ | മാണഅഴുകൽ | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. |
| തെങ്ങ് | പരിചരണം | മഴക്കാലത്ത് തടം തുറന്ന് ഓരോ വലിയ തെങ്ങിനും 25 മുതൽ 50 കിലോഗ്രാം വരെ ജൈവവളം ഇട്ടുകൊടുക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ രോഗത്തിന് സാധ്യതയുണ്ട്. മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചു കൊടുക്കുകയോ, തടത്തിൽ ഒഴിച്ച് കൊടുക്കുകയോ ചെയ്യാവുന്നതാണ്. |

മൃഗസംരക്ഷണം-: ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS, KVASU, Mannuthy).